പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 211 — 08.06.2015 ൽ മറുപടിക്ക്

## നിർഭയ കേരളം, സുരക്ഷിത കേരളം പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വർക്കല കഹാർ<br>,, സി.പി.മുഹമ്മദ്<br>,, ആർ . സെൽവരാജ്<br>,, ഷാഫി പറമ്പിൽ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി നിർഭയ കേരളം, സുരക്ഷിത കേരളം എന്നീ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എന്തെല്ലാം കാര്യങ്ങളാണ് ഇത് വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ബി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ) മുതൽ (സി) വരെ

ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അക്രമ പ്രവർത്തനങ്ങൾ തടഞ്ഞ് അവർക്ക് സുരക്ഷിതത്വം നൽകുന്നതിനായാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. എറണാകുളം ജില്ലയിൽ ഒരു പൈലറ്റ് പ്രോജക്ടായി 'നിർഭയകേരളം സുരക്ഷിത കേരളം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമം എന്ന മഹാവിപത്തിനെതിരെ ബോധവൽക്കരണം നടത്തുകയും ഇതിന് കാരണമാകുന്ന ഗാർഹിക പീഡനം, മദ്യപാനം ഉപയോഗാസക്തി എന്നിവ തടയുന്നതിനായി നടപടികൾ സ്വീകരിക്കുകയും ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് കോടതി നടപടികൾ വേഗത്തിലാക്കി പരമാവധി ശിക്ഷ ഉറപ്പവരുത്തുകയും ലൈംഗിക അതിക്രമത്തിന് ഇരയായ പീഡിതർക്ക് അത്യാവശ്യമായി ചെയ്തുകൊടുക്കേണ്ട സംരക്ഷണവും, പുനരധിവാസവും, പുനരേകീകരണവും സാധ്യമാക്കുകയും ഒക്കെ ഈ പദ്ധതിയുടെ ഭാഗമാണ്. കുറ്റകൃത്യങ്ങൾക്ക് ഇരയായ സ്ത്രീകളുടെയും കുട്ടികളുടെയും തുടർ വിദ്യാഭ്യാസവും, തൊഴിൽ പരിശീലനവും നൽകി, സമൂഹത്തിൽ മറ്റുള്ളവരെപ്പോലെ മാന്യമായി ജീവിക്കാൻ ഇവരെ പ്രാപ്തരാക്കുന്നതും ഈ പദ്ധതിയുടെ

ലക്ഷ്യങ്ങളിൽപ്പെടുന്നു. സ്കൂൾ, കോളേജ് ക്യാംപസുകളിൽ പെൺകുട്ടികളെ ശക്തിപ്പെടുത്തുകയും കുറ്റകൃത്യങ്ങൾക്കെതിരെ പ്രതിരോധിയ്ക്കാനുള്ള പരിശീലനവും അവബോധവും നൽകുകയും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

Rajani M
സെക്ഷൻ ഓഫീസർ